## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 646

07.01.2014-ലെ
മറുപടിയ്ക്ക്

## അസൈഡ് ഫണ്ട്

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. എ.എം. ആരിഫ് | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) 2006-2011 കാലയളവിൽ 'അസൈഡ്' ഫണ്ടിനത്തിൽ എത്ര രൂപയാണ് കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിനാകെ ലഭിച്ചത്; ഏതെല്ലാം പ്രോജക്ടുകൾക്കാണ് ഈ തുക നീക്കിവെച്ചത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ) | 2006 മുതൽ 2011 വരെയുള്ള കാലയളവിൽ അസിസ്റ്റൻസ് റ്റു സ്റ്റേറ്റ്സ് ഫോർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് ഓഫ് എക്സ്പോർട്ട്സ് (ASIDE) ഫണ്ട് ഇനത്തിൽ കേന്ദ്രത്തിൽ നിന്നും 5134 ലക്ഷം രൂപയാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഈ തുക ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ ജില്ലതിരിച്ചിട്ടുള്ള വിവരം അനുബന്ധം എ-ൽ ചേർത്തിരിക്കുന്നു. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'അസൈഡ്' ഫണ്ടിനത്തിൽ എത്ര രൂപ ലഭിച്ചു; അത് ഏതെല്ലാം പദ്ധതികൾക്കായാണ് നീക്കിവെച്ചിട്ടുള്ളത്; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'അസൈഡ്' ഫണ്ടിനത്തിൽ 5608 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. ഈ തുക ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം ബി ആയി ചേർത്തിട്ടുണ്ട്. |
| സി) കിൻഫ്ര എത്ര രൂപയാണ് ചന്തിരൂർ പൊതു മലിനീകരണ നിയന്ത്രണ പ്ലാന്റിനായി നീക്കി വെച്ചത് ; | സി) | അസൈഡ് ഫണ്ടിൽനിന്നും കിൻഫ്ര 6 കോടി രൂപയാണ് ചന്തിരൂർ പൊതു മലിനീകരണ നിയന്ത്രണ പ്ലാന്റിനായി നീക്കി വച്ചിട്ടുള്ളത് |
| ഡി) സംസ്ഥാന ഷെയർ നൽകാത്തത് കാരണം അവിടെ പ്ലാന്റ് നിർമ്മാണവുമായി മുന്നോട്ട് പോകുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് നേടിയെടുക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ? | ഡി) | 25.06.2013-ൽ അഡീഷണൽ ചീഫ് സെക്രട്ടറി (വ്യവസായം) യുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം കൂടി പദ്ധതി നടത്തിപ്പിനാവശ്യമായ സാഹചര്യം ഉണ്ടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുമുണ്ട്. അതിന്റെ ഭാഗമായി 30.12.2013-ലെ സ.ഉ.(സാധാ.)നം.191/2013/പരി. പ്രകാരം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ